## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4085 — 25.06.2014-ലെ മറുപടിക്ക്**

### എൻട്രൻസ് ഫീസ് ധാരണ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. വിജയദാസ് | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ഈ വർഷത്തെ മെഡിക്കൽ എൻട്രൻസിൽ സ്വാശ്രയ മെഡിക്കൽ കോളേജുകളുമായി മെറിറ്റ് സീറ്റിലുള്ള പ്രവേശനത്തിന്റെ ശതമാനം തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ; | എ) ഈ വർഷത്തെ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട് കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷന്റെ കീഴിൽ വരുന്ന മെഡിക്കൽ കോളേജുകളിലേക്കും, പരിയാരം അക്കാദമി ഓഫ് മെഡിക്കൽ സയൻസസിലേക്കുമുള്ള എം.ബിബിഎസ് പ്രവേശനത്തിനായി കരാർ ഒപ്പിട്ടിട്ടുണ്ട്. ഇതുപ്രകാരം പ്രസ്തുത സ്ഥാപങ്ങളിലെ 50% സീറ്റുകളിൽ സർക്കാർ മെറിറ്റിൽ പ്രവേശനം നൽകാൻ പ്രവേശന പരീക്ഷാ കമ്മിഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) ഫീസ് ഘടനയുടെ കാര്യത്തിലും സ്വാശ്രയ മാനേജ്മെന്റുകളുമായി സർക്കാർ ധാരണയിൽ എത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വെളിപ്പെടുത്താമോ;<br><br>സി) ഇക്കാര്യത്തിൽ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | ബി & സി)<br>കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേനുമായി ഒപ്പു വച്ച കരാർ പ്രകാരം എൻ.ആർ.ഐ. സീറ്റികളൊഴികെയുള്ള മൊത്തം സീറ്റുകളിലേക്ക് മുൻ വർഷത്തേതു പോലെ നാലു ലക്ഷം രൂപയാണ് എം.ബി.ബി.എസ്. കോഴ്സിന് ഫീസായി നിശ്ചയിച്ചിട്ടുള്ളത്. എൻ.ആർ.ഐ. സീറ്റുകളിൽ 10 ലക്ഷം |

രൂപയാണ് വാർഷിക ഫീസായി നിശ്ചയിച്ചിട്ടുള്ളത്. പരിയാരം മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. പ്രവേശനത്തിന് ബി.പി.എൽ. വിഭാഗം വിദ്യാർത്ഥികൾക്ക് 25,000/- രൂപയും എസ്.ഇ.ബി.സി. വിഭാഗം വിദ്യാർത്ഥികൾക്ക് 45,000/- രൂപയും ജനറൽ മെറിറ്റ് വിദ്യാർത്ഥികൾക്ക് 1,50,000/- രൂപയും മാനേജ്മെന്റ് ക്വാട്ടയിൽ 6 ലക്ഷം രൂപയുമാണ് ഫീസായി നിശ്ചയിച്ചിട്ടുള്ളത്.

സർക്കാരുമായി ഇതുവരെയും കരാറുകളിൽ ഏർപ്പെട്ടിട്ടില്ലാത്ത സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകളുമായി ചർച്ചകൾ നടന്നു വരികയാണ്.

സെക്ഷൻ ഓഫീസർ